SPEAKER



# K. RADHAKRISHNAN

Shri K. Radhakrishnan, Speaker of the twelfth Kerala Legislative Assembly was born as the son of Shri M.C. Kochunni and Smt. Chinna, Vadakkevalappil, Chelakkara, Thrissur District on May 24, 1964. He completed his school education in U.P. School, Thonnoorkkara and Sreemoolam Thirunal High School, Chelakkara. After passing Pre-Degree from Sree Vyasa N.S.S. College, Wadakkancherry, he completed B.A. Degree course from the Sree Kerala Varma College, Thrissur.

His elevation as Speaker to the august House of Democracy has been whole-heartedly accepted by the people of Kerala irrespective of their political lineage. Hailing from the marginalised plantation labour sector, he started realising the real pain and perils of the downtrodden of the society from the early period of his life. He later strived to organise these

sections of the society for safeguarding their rights and to uplift them. His simplicity and adherence to values and principles in public life, made him distinct among other public personalities.

He entered politics while a student as an active worker of SFI and held positions in the organisation as Sree Kerala Varma College Unit Secretary, Chelakkara Area Committee Secretary and Thrissur District Secretariat Member. While holding these posts he was actively involved in politics, spearheading the agitations on local issues of the common man. In DYFI, he served as Chelakkara Block Committee Secretary, Thrissur District Executive Committee Member and State Committee Member.

He led various agitations against the education policy of the Government during 1982-87 and was brutally assaulted by the police on several occasions. He also involved actively in the problems of agricultural labourers and organised them. He took part in the activities of Kerala Sastra Sahitya Parishad and Total Literacy Movement.

He was elected to Thrissur District Council in 1991 from Vallathol Nagar Division. He was elected as Member of Kerala Legislative Assembly for the first time from Chelakkara Constituency in 1996 and served as Minister for the Welfare of Backward and Scheduled Communities and Youth Affairs from 1996 to 2001. As Minister, he had proved his mettle as an efficient administrator and recieved accolades from his colleagues in the Assembly. During his tenure, he revamped the functioning of the above departments so as to extend its services to the targeted groups. He was elected again from the same constituency in 2001 and was Opposition Chief Whip from 2001 to 2006 during 11$^{th}$ Kerala Legislative Assembly. Won the election for a third consecutive time from the same constituency with an increased margin, he was elected as the 19$^{th}$ Speaker of Kerala Legislative Assembly on May 25, 2006. He continued till May 31, 2011 successfully completing his full five years tenure. Shri K. Radhakrishnan was elected to the 13$^{th}$ Kerala Legislative Assembly from Chelakkara Constituency in 2011. He is currently the President, Pattikajathi Kshema Samithi, Kerala; Convenor, Dalith Soshan Mukthi Manch National Committee; President, Kerala State Farm Worker's Union(CITU); Secretary, CPI(M) Thrissur District Committee and Member, CPI(M) State Commitee.

Shri Radhakrishnan was a member of the delegation which attended the World Youth Conference held in Cuba in 1998 and a delegate to the 52$^{nd}$ Commonwealth Parliamentary Conference held at Abuja (Nigeria) in 2006. During 2006-11, he visited Malaysia, Tanzania and China in connection with Commonwealth Parliamentary Conference.

സ്പീക്കർ



# കെ. രാധാകൃഷ്ണൻ

പന്ത്രണ്ടാം കേരള നിയമസഭയുടെ സ്പീക്കർ പദവി അലങ്കരിച്ച ശ്രീ. കെ. രാധാകൃഷ്ണൻ 1964 മേയ് 24-ന് ശ്രീ. എം. സി. കൊച്ചുണ്ണിയുടെയും ശ്രീമതി ചിന്നയുടെയും മകനായി തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ ജനിച്ചു. തോന്നൂർക്കര യു. പി. സ്കൂളിലും ചേലക്കര ശ്രീമൂലം തിരുനാൾ ഹൈസ്ക്കൂളിലുമായി അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് വടക്കാഞ്ചേരി ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിൽ നിന്നും പ്രീഡിഗ്രി വിജയിക്കുകയും തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിൽ നിന്ന് ബി.എ. പഠനം പൂർത്തിയാക്കുകയും ചെയ്തു.

ശ്രീ. കെ. രാധാകൃഷ്ണന്റെ സ്പീക്കർ സ്ഥാനത്തേയ്ക്കുള്ള ആരോഹണം രാഷ്ട്രീയ ഭേദമെന്യേ

കേരളീയരാകമാനം നിറഞ്ഞ മനസ്സോടെ അംഗീകരിക്കുകയായിരുന്നു. തോട്ടം തൊഴിലാളി മേഖലയിൽ നിന്നും വന്നതിനാൽ സമൂഹത്തിലെ പീഡിത വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും അദ്ദേഹത്തിന് സാധിച്ചു. അവരുടെ അവകാശ സംരക്ഷണത്തിനും ഉന്നമനത്തിനും വേണ്ടി ശ്രീ. കെ. രാധാകൃഷ്ണൻ അശ്രാന്തം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ലളിതവും മൂല്യാധിഷ്ഠിതവുമായ പൊതുജീവിതം മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കി.

എസ്.എഫ്.ഐ.-യിലൂടെ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച ശ്രീ. കെ. രാധാകൃഷ്ണൻ എസ്.എഫ്.ഐ. യുടെ കേരളവർമ്മ കോളേജ് യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ചേലക്കര ഏര്യാ കമ്മിറ്റി സെക്രട്ടറി, തൃശ്ശൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. പ്രസ്തുത പദവികളിൽ തുടരുമ്പോഴും പൊതുജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഡി.വൈ.എഫ്.ഐ.-യുടെ ചേലക്കര ബ്ലോക്ക് കമ്മിറ്റി സെക്രട്ടറി, തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗം, സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ സമരങ്ങൾ നയിച്ചതിന് 1982-87 കാലയളവിൽ ശ്രീ. കെ. രാധാകൃഷ്ണന് പോലീസിന്റെ ക്രൂര മർദ്ദനങ്ങൾ അനുഭവിക്കേണ്ടി വന്നു. കർഷക തൊഴിലാളി സമരങ്ങളും അദ്ദേഹം നയിച്ചിട്ടുണ്ട്. കൂടാതെ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളിൽ അദ്ദേഹം ഭാഗമായി.

1991-ൽ വള്ളത്തോൾ നഗർ ഡിവിഷനിൽ നിന്നും ശ്രീ. കെ. രാധാകൃഷ്ണൻ തൃശ്ശൂർ ജില്ലാ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1996-ൽ ചേലക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ 1996-2001 കാലയളവിൽ നായനാർ മന്ത്രിസഭയിൽ പിന്നാക്ക വിഭാഗങ്ങളുടെയും പട്ടിക വിഭാഗങ്ങളുടെയും ക്ഷേമവും യുവജനകാര്യവും വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. മന്ത്രി എന്ന നിലയിൽ നല്ല ഭരണം കാഴ്ചവച്ച അദ്ദേഹം തന്റെ സഹപ്രവർത്തകരുടെ പ്രശംസയ്ക്ക് പാത്രമായി. പിന്നാക്ക വിഭാഗങ്ങളുടെയും പട്ടികവിഭാഗങ്ങളുടെയും ക്ഷേമത്തിനുതകുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം നവീകരിച്ചു. 2001-ൽ ചേലക്കരയിൽനിന്ന് തന്നെ പതിനൊന്നാം കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ 2001-06 കാലയളവിൽ പ്രതിപക്ഷ ചീഫ് വിപ്പ് പദവി അലങ്കരിച്ചു. വർദ്ധിച്ച ഭൂരിപക്ഷത്തോടെ വിജയിച്ച് പന്ത്രണ്ടാം കേരള നിയമസഭയിലെത്തിയ ശ്രീ. കെ. രാധാകൃഷ്ണൻ കേരള നിയമസഭയുടെ പത്തൊൻപതാം സ്പീക്കറായി 2006 മേയ് 25-ാം തീയതി തെരഞ്ഞെടുക്കപ്പെട്ടു. 2011 മേയ് 31-ാം തീയതി വരെ തൽസ്ഥാനത്ത് തുടർന്ന അദ്ദേഹം തന്റെ അഞ്ച് വർഷകാലാവധി പൂർത്തിയാക്കി. പതിമൂന്നാം കേരള നിയമസഭയിലും ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിക്കുവാൻ ശ്രീ. കെ. രാധാകൃഷ്ണന് സാധിച്ചു. നിലവിൽ അദ്ദേഹം പട്ടികജാതി ക്ഷേമസമിതി സംസ്ഥാന പ്രസിഡന്റ്, ദളിത് ശോഷൺ

മുക്തി മഞ്ച് ദേശീയ കമ്മിറ്റിയുടെ കൺവീനർ, കേരള സ്റ്റേറ്റ് ഫാം വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു.) സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗം, തൃശ്ശൂർ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു.

1998-ൽ ക്യൂബയിൽ നടന്ന ലോക യൂത്ത് കോൺഫറൻസിലും 2006-ൽ അബുജ (നൈജീരിയ)-യിൽ നടന്ന 52-ാമത് കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിലും ശ്രീ. കെ. രാധാകൃഷ്ണൻ പങ്കെടുത്തു. 2006-11 കാലയളവിൽ കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിന് വേണ്ടി മലേഷ്യ, ടാൻസാനിയ, ചൈന എന്നീ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്.